7. മാരകരോഗം പിടിപെടുന്ന വായ്പക്കാരുടെ ചികിത്സാ ധനസഹായ അപേക്ഷയിൽ ഗവൺമെന്റ് ആശുപത്രികൾക്ക് പുറമെ സ്വകാര്യ സഹകരണ ആശുപത്രികളിൽ നിന്നും ലഭിക്കുന്ന ചികിത്സാ രേഖകളും സർട്ടിഫിക്കറ്റുകളും സ്വീകാര്യമാക്കി.

(സി) റിസ്ക്ഫണ്ട് പദ്ധതി പ്രകാരം ഈ സർക്കാരിന്റെ കാലയളവിൽ 113,62,48,952 രൂപയും മുൻ സർക്കാരിന്റെ കാലത്ത് 6,14,04,607 രൂപയും ഉൾപ്പെടെ 2015 മെയ് 31 വരെ ആകെ 119,76,53,559 (നൂറ്റിപത്തൊൻപത് കോടി എഴുപത്താറ് ലക്ഷത്തി അൻപത്തിമൂന്നായിരത്തി അഞ്ഞൂറ്റി അമ്പത്തൊമ്പത് രൂപ) രൂപയുടെ ധനസഹായം നൽകിയിട്ടുണ്ട്.

(ഡി) റിസ്ക്ഫണ്ട് സ്കീം പ്രകാരം പദ്ധതി നടത്തിപ്പിനുള്ള ചുമതല കേരള സഹകരണ നിയമം 57-ാം വകുപ്പ് പ്രകാരം രൂപീകൃതമായ കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിനാണ്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി തൃശ്ശൂർ ജില്ലയിൽ ബോർഡിന് ഒരു മേഖലാ ഓഫീസ് തുടങ്ങി. റിസ്ക്ഫണ്ട് പദ്ധതി സംബന്ധിച്ച് കാലാകാലങ്ങളിലെ ഭേദഗതി വാർത്താ മാധ്യമങ്ങൾമുഖേന വ്യാപകമായി പ്രചാരണം നൽകിയിട്ടുണ്ട്. സ്കീം സംബന്ധിച്ച വിവരങ്ങൾ എല്ലാ അംഗസംഘങ്ങൾക്കും സർക്കിൾ സഹകരണ യൂണിയനും അയച്ചുകൊടുത്തിട്ടുണ്ട്. വായ്പ വിതരണം ചെയ്യുന്ന എല്ലാ വായ്പാ സഹകരണ സംഘങ്ങളും റിസ്ക്ഫണ്ട് പദ്ധതിയിൽ ചേരണമെന്നും ചേരാത്ത സംഘങ്ങളുടെ വായ്പാ വിതരണത്തിനുള്ള അവകാശം ഉണ്ടായിരിക്കുന്നതല്ലെന്നും സഹകരണ നിയമ വകുപ്പ് 57D(3)-യിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## ജില്ലാ സഹകരണ ബാങ്കുകളുടെ നെല്ല് സംഭരണം

**75(2063)** <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽകൃഷിക്കാർക്ക് ഏതെല്ലാം ജില്ലാ സഹകരണ ബാങ്കുകൾ പലിശരഹിത വായ്പ നൽകിവരുന്നുണ്ട് ;

(ബി) ഏതെല്ലാം ജില്ലാ സഹകരണ ബാങ്കുകൾ കർഷകരിൽനിന്നും നെല്ല് സംഭരിക്കുന്നുണ്ട് ; 1-7-2011 മുതൽ 31-5-2015 വരെയുള്ള കണക്ക് ലഭ്യമാക്കാമോ ;

(സി) നെല്ല് സംഭരിച്ച വകയിൽ ഏതെല്ലാം ജില്ലാ സഹകരണ ബാങ്കുകൾ കർഷകർക്ക് വില നൽകുന്നതിന് കുടിശ്ശിക വരുത്തിയിട്ടുണ്ടോ ; വിശദാംശം നൽകാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പാലക്കാട് ജില്ലാ സഹകരണ ബാങ്ക്, ബാങ്കിന്റെ തേങ്കുറിശ്ശി ശാഖവഴി നെൽകൃഷിക്കാർക്ക് നേരിട്ട് പലിശരഹിത വായ്പ നൽകിവരുന്നു. തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക്, പ്രാഥമിക സഹകരണസംഘങ്ങൾവഴി 2008-09, 2009-10 വർഷങ്ങളിൽ വായ്പ നൽകിയിരുന്നു. ഇപ്പോൾ നൽകുന്നില്ല. ആലപ്പുഴ, തൃശ്ശൂർ, കാസർഗോഡ്, കോട്ടയം ജില്ലാ സഹകരണ ബാങ്കുകൾ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നെൽകൃഷിക്ക് പലിശരഹിത വായ്പ നൽകിവരുന്നുണ്ട്. കൊല്ലം, ഇടുക്കി, വയനാട്, കണ്ണൂർ, മലപ്പുറം, കോഴിക്കോട്, പത്തനംതിട്ട, എറണാകുളം ജില്ലാ സഹകരണ ബാങ്കുകൾ നെൽകൃഷിക്ക് പലിശരഹിത വായ്പ നൽകുന്നില്ല.

(ബി&സി) സംസ്ഥാനത്തെ ജില്ലാ ബാങ്കുകൾ ഒന്നും കർഷകരിൽനിന്നും നേരിട്ട് നെല്ല് സംഭരിക്കുന്നില്ല.

**ശ്രീമതി സരള സമർപ്പിച്ച അപേക്ഷയിന്മേൽ നടപടി**

**76(2064)** <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരിങ്ങാലക്കുട സഹകരണസംഘം അസി. രജിസ്ട്രാർ ഓഫീസിൽ ജോലി ചെയ്യവരികെ 15 വർഷങ്ങൾക്കുമുമ്പ് കാണാതായ ശ്രീ. സദാനന്ദന്റെ സർവ്വീസ് ആനുകൂല്യങ്ങളും മറ്റും ലഭിക്കുന്നതിനായി അദ്ദേഹത്തിന്റെ ഭാര്യ ശ്രീമതി സരള മുണ്ടയ്ക്കുത്തുപറമ്പിൽ സമർപ്പിച്ച അപേക്ഷയിൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും നടപടികൾ ഏതു ഘട്ടത്തിലാണെന്നും അറിയിക്കാമോ ;

(ബി) പ്രസ്തുത അപേക്ഷയിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) 6-3-2000 മുതൽ സർവ്വീസിൽനിന്നും പിരിച്ചുവിടപ്പെട്ട സീനിയർ ആഡിറ്റർ ശ്രീ. എം. എൻ. സദാനന്ദനെ ടിയാൻ മുകുന്ദപുരം ആഡിറ്റ് അസിസ്റ്റന്റ് രജിസ്ട്രാറാഫീസിൽ ആഫീസ് ആഡിറ്ററായി ജോലി ചെയ്യുമ്പോൾ 5-3-2000 മുതൽ കാണാതായി എന്നും, ആയതിനാൽ ടിയാന്റെ ആശ്രിതർക്കുള്ള കുടുംബ പെൻഷനും, മറ്റ് ആനുകൂല്യങ്ങളും അനുവദിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ടിയാന്റെ ഭാര്യ ശ്രീമതി സരള മുണ്ടയ്ക്കുത്ത് പറമ്പിൽ 19-4-2013-ന് അപേക്ഷ സമർപ്പിച്ചിരുന്നു. ടിയാന്റെ നിയമപരമായ അവകാശികൾ ആരെല്ലാമാണെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രവും

LIBRARY ARCHIVES Kerala Legislative Assembly